II. അടിയന്തിര പ്രമേയം

നെൽകൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ

മി. സ്പീക്കർ: നെല്ലിന്റെ താങ്ങുവില താണുപോയതുകൊണ്ടും കൃഷിചെലവ് വർദ്ധിച്ചതുകൊണ്ടും കൃഷിക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകളെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് ഇന്നത്തെ സഭാനടപടികൾ നിറുത്തിവയ്ക്കണമെന്നഭ്യർത്ഥിച്ചുകൊണ്ടു ശ്രീ. ഇ. പി. ഗോപാലൻ, ശ്രീ. പി. ശങ്കർ എന്നിവർ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിരിക്കുകയാണ്.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, നെല്ലിന്റെ വില കഴിഞ്ഞവർഷം കൃഷിക്കാരിൽ നിന്നും നെല്ല് പ്രൊക്വയർചെയ്ത സമയത്തു നിശ്ചയിച്ചിരുന്ന വിലയിൽ നിന്ന് കുറച്ചുകൂടി വർദ്ധിപ്പിച്ചുകൊണ്ടുള്ള തീരുമാനം മന്ത്രിസഭ എടുത്തുകഴിഞ്ഞിരിക്കുകയാണ്. കുട്ടനാട്ടിലും അതുപോലെതന്നെ ആലപ്പുഴയിലും നെല്ലുവില 120 രൂപയിൽ നിന്ന് 135 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. പാലക്കാടു ജില്ലയിലും മറ്റു ജില്ലകളിലും 130 രൂപയായി വർദ്ധിപ്പിച്ചിരിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ആഫീസർമാർ മുഖേന ഫാമിൽനിന്ന് സംഭരിച്ചുകൊണ്ട്, ആ സംഭരിക്കുന്ന നെല്ല് വിൽക്കാനുള്ള കൂലിയും എല്ലാംതന്നെ നൽകാൻ ഉള്ള തീരുമാനവും എടുത്തുകഴിഞ്ഞിരിക്കുകയാണ്. സർ, ഈ പുതിയ തീരുമാനമനുസരിച്ച് അര ഏക്കർ മുതൽ ഒരേക്കർ വരെയുള്ള കൃഷിക്കാരിൽനിന്നും മൂന്നു കവിൻറൽ എന്ന തോതിൽ സംഭരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. ഒരേക്കറിൽ കൂടുതൽ ഉള്ളവരിൽനിന്ന് ഒരേക്കറിന് ആറു കവിൻറൽ പ്രകാരം സംഭരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ഇന്നലെയാണ് മന്ത്രിസഭ ഈ തീരുമാനമെടുത്തത്. ഇന്നലെ മുതൽ ഈ വിലവർദ്ധനവ് കൃഷിക്കാർക്ക് നൽകാനും ഉടനടി നെല്ലുസംഭരണം നടത്താനും ഉള്ള തീരുമാനവും ഗവൺമെൻറ് എടുത്തിട്ടുള്ളതുകൊണ്ട് ഇത് അടിയന്തിര പ്രശ്നമായി ചർച്ച ചെയ്യേണ്ടതില്ല.

ശ്രീ. ഇ. പി. ഗോപാലൻ: സർ, നെല്ലിന്റെ വില വിശേഷിച്ചും കൊയ്ത്തുകാലമായതുകൊണ്ട് വല്ലാതെ കുറഞ്ഞുപോയിരിക്കുകയാണ്. എന്നുമാത്രമല്ല കുറഞ്ഞവിലയ്ക്കുതന്നെയും ഇന്നത്തെ നിലയ്ക്കു നെല്ലു വാങ്ങാൻ ആളില്ല. പാലക്കാടുപോലെ നെൽകൃഷി പ്രധാനമായ ജില്ലയിൽ രണ്ടാംവിളയിറക്കുന്നതിനു കൃഷിക്കാർ വിഷമിക്കുകയാണ്. വിശേഷിച്ചും ഇറിഗേറ്റഡ് ആയിട്ടുള്ള പ്രദേശങ്ങളിൽ ആദ്യത്തെ വിളകൊയ്തുകഴിഞ്ഞാൽ രണ്ടാംവിളയിറക്കണം; ഫലപദമായിട്ടുള്ളത് യഥാർത്ഥത്തിൽ ആ രണ്ടാം വിളയാണ്. അതു ചെയ്യാൻ കഴിയാതെ ഇന്നു വിഷമിക്കുകയാണ്. ഈ സമയത്ത് താങ്ങുവില പ്രഖ്യാപിച്ചത് നന്നായി; പക്ഷേ ഈ സഭയിൽ പല ഭാഗത്തുനിന്നും ഉയർന്നുവന്ന അഭിപ്രായമനുസരിച്ച് കവിൽലറിനു 150 ക. എങ്കിലും താങ്ങുവിലയായി പ്രഖ്യാപിക്കുമെന്നാണ് ഞങ്ങൾ വിചാരിച്ചിരുന്നത്. ആ അഭിപ്രായം ഇവിടെ പൊന്തിവരികയും ചെയ്തു. എന്നാൽ 135 ക. ആണ് പ്രഖ്യാപിച്ചത്. കേരളത്തിലെ നെല്ലിന്റെ 29 ശതമാനത്തോളം ഉൽപാദിപ്പിക്കുന്ന പാലക്കാട്ടുജില്ലയിൽ എന്തുകൊണ്ടാണ് 130 ക. ആക്കിയത് ? വേറെ ഒരു കാര്യം കൂടി ആലോചിക്കണം. കർഷകത്തൊഴിലാളി പ്രോവിഡൻറ് ഫണ്ട് ആദ്യമായി നടപ്പിലാക്കിയ ഏക ജില്ല പാലക്കാടു ജില്ലയാണ്. കർഷകത്തൊഴിലാളി പ്രോവിഡൻറ് ഫണ്ട് നടപ്പിലാക്കുന്ന ഘട്ടത്തിൽ കൃഷിക്കാരനു ഒരു സാമ്പത്തിക ബാദ്ധ്യതകൂടി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പ്രൊവിഡന്റ് ഫണ്ടിൽ ഒരുഭാഗം അടയ്ക്കേണ്ടതു കൃഷിക്കാരനാണ്, ആ ചുമതലകൂടി ചുമലിൽ വഹിക്കേണ്ടിവരുന്ന പാലക്കാടുജില്ലക്കാരൻ ഒരു കിൻറൽ നെല്ലുവിറ്റാൽ 5 ക. കുറയും എന്ന് എന്തു കണ്ടിട്ടാണു തീരുമാനിച്ച തെന്ന് എനിക്ക് മനസ്സിലാകുന്നില്ല. പാലക്കാടു ജില്ലയിൽ അന്നത്തെ ഭക്ഷ്യമന്ത്രി വന്ന് ഒരു ചർച്ച സംഘടിപ്പിച്ചപ്പോൾ വളരെ ശക്തമായ ഒരു തെറ്റിദ്ധാരണ അദ്ദേഹംകൂടി പരത്താൻ നോക്കി. കുട്ടനാടു ജില്ല യിലും കേരളത്തിന്റെ മറ്റു പ്രദേശങ്ങളിലും ഉള്ളതുപോലെ കൃഷിചെലവ് പാലക്കാടുജില്ലയിൽ ഇല്ലെന്നാണു പറയുന്നത്. ഈ രാജ്യത്ത് ഒരു നിയമ മുണ്ട്. എന്നു മനസ്സിലാക്കണം; ഈ രാജ്യത്തു കൂലികൊടുക്കുന്നതിന് ആധാരമായ ഒരു നിയമമുണ്ട്. കർഷകത്തൊഴിലാളി പ്രസ്ഥാത്തിനു ശക്തിയുള്ള പാലക്കാടുപോലെയുള്ള പ്രദേശങ്ങളിൽ അതു നടപ്പിലാവു കയും ചെയ്തു. നടപ്പിലാകാതിരിക്കാൻ നിവൃത്തിയില്ല. ആ സാഹചര്യ ത്തിൽ എന്തു കണക്കുകൊണ്ടു നോക്കിയിട്ടാണ് പാലക്കാടു ജില്ലയിൽ താരതമ്യേന ഉൽപാദനച്ചെലവു കുറവാണെന്നു തീരുമാനിച്ചത് ? കർഷക ത്തൊഴിലാളിനിയമംപോലെയൊരു നിയമത്തിൽ കൃഷിക്കാരനു പുതിയതാ യിട്ട് ഒരു ബാധ്യത ഏല്പിക്കാൻ കുട്ടനാടൊന്നും പറ്റുകയില്ല, അതിനു പറ്റിയ സ്ഥലം പാലക്കാടാണ്; എന്നാണോ ? ഞങ്ങൾക്കു വിരോധമില്ല. കാരണം തൊഴിലാളിക്കു ഗുണം കിട്ടുന്നത് എവിടെയായാലും നല്ലതാണ്. അതു പാലക്കാടു ജില്ലയിലാണെങ്കിൽ വളരെ നല്ലത്; ഏറെ സന്തോഷം. പക്ഷേ ഈ കളി കാണുമ്പോൾ വേദനയാണു തോന്നുന്നത്. എന്തും പാലക്കാടു ജില്ലയുടെ പിരടിക്ക് വയ്ക്കാം എന്നാഗ്രഹിച്ചാൽ അപകടമാണ് ആ കളി.....

ശ്രീ. ടി. എ. മജീദ്: .....തീക്കളി.

ശ്രീ. ഇ. പി. ഗോപാലൻ: തീയാണോ എന്നൊന്നും ഞാൻ പറയുന്നില്ല. ആ കളി നന്നല്ല. പിന്നെ, ഇങ്ങനെയൊരു വ്യത്യാസം കാണേണ്ട കാര്യമെ ന്താണ് ? എന്നുമാത്രമല്ല സർ. പാലക്കാടു ജില്ലയിൽ കൂടുതൽ നെല്ല് ഉൽപാദിപ്പിക്കുന്നതിനെ തടസ്സം ചെയ്യാൻ പാടുണ്ടോ ? ഇന്നു പല കാരണങ്ങൾകൊണ്ടും ഇൻഡ്യാരാജ്യത്തു വിള നന്നായതുകൊണ്ട് നെല്ലിനു വലിയ പ്രിയമില്ല. പക്ഷേ നമുക്കറിഞ്ഞുകൂടേ, മറ്റെന്തെല്ലാം സൗകര്യങ്ങ ളുണ്ടായിട്ടും നാലുമണിനെല്ലില്ലാഞ്ഞിട്ട് നട്ടംതിരിഞ്ഞത് ? ഇനി മറിച്ച് ചക്രം മറിയുമ്പോൾ നെല്ലുൽപാദനത്തിന് ആ സ്ഥിതിയുണ്ടാവുകയി ല്ലെന്ന് ആരുകണ്ടു ? ഒരു പക വച്ചു പെരുമാറി എന്ന് പാലക്കാടുജില്ല യിലെ നെൽകൃഷിക്കാരന്റെ ആരോപണം ഉണ്ടാകാതെ കഴിക്കണമെങ്കിൽ സമയം വൈകിയിട്ടൊന്നുമില്ല. 135 ക. എന്നുള്ളതെങ്കിലും പരക്കെ പ്രഖ്യാ പിക്കണം എന്നു ഞാൻ ശക്തിയുക്തം ആവശ്യപ്പെടുകയാണ്.

മാത്രമല്ല ഞാൻ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിക്കുന്ന മറ്റൊരു കാര്യമുണ്ട്. നെല്ലിന്റെ വില നോക്കുമ്പോൾ കൃഷിക്കാരൻ ഇന്നു വാങ്ങുന്ന സാധനങ്ങൾക്കു വില ജാസ്തിയാണ്. നെല്ലിനു വിലയില്ലെന്ന് എല്ലാവരും സമ്മതിക്കുന്നു. ഇതിൽനിന്ന് എന്തെങ്കിലും ഒരാശ്വാസം നെല്ലുൽപാദിപ്പിക്കുന്നകൃഷിക്കാരനു ഉണ്ടാക്കിക്കൊടുക്കാൻ, അവരടയ്ക്കേ ണ്ടകടം ആറുമാസത്തേയ്ക്കെങ്കിലും തൽക്കാലം ഒന്നു നിർത്തിവയ്ക്കാൻ കഴിയുമോ ? അതുപോലെ കഴിഞ്ഞ സഭയിൽത്തന്നെ പുതിയ ബഡ്ജറ്റവത രിപ്പിച്ചപ്പോൾ കൃഷിക്കാരൻ സൊസൈറ്റികൾ മുഖേന വാങ്ങുന്ന വായ്പ്പ യുടെ 11 ശതമാനം പലിശ എന്നുള്ളതിൽ 3 ശതമാനം പലിശ അവരെ സഹായിക്കാൻവേണ്ടി ഗവൺമെന്റ് എടുക്കാമെന്നും ഗവൺമെന്റ് തക്ക

LIBRARY ARCHIVES Kerala Legislative Assembly

സമയത്തു ഹാജരായി കാശായിട്ടുതന്നെ ആ പലിശ കൊടുക്കാമെന്നും പറഞ്ഞിരുന്നു. ഇതുവരെ യാതൊന്നുംതന്നെ നടന്നിട്ടില്ല. വേണ്ടത്ര പണവും ആവശ്യമായ കല്പനകളും എല്ലാ ജില്ലകളിലെയും സഹകരണസംഘം ഡെപ്യൂട്ടി രജിസ്ട്രാർമാരെ ഏല്പിച്ചിട്ടുണ്ടെന്നോണു കേൾക്കുന്നത്. ഇനി ആ മഹാഭൂതത്തിനെ എങ്ങനെ പൂജിച്ചിട്ടാണു പ്രീതിപ്പിക്കേണ്ടത് എന്നു വാസ്തവത്തിൽ കൃഷിക്കാർക്കറിഞ്ഞുകൂടാ. കേട്ടതു ശരിയാണെങ്കിൽ പണവും അധികാരവും കോ-ഓപ്പറേറ്റീവ് ഡെപ്യൂട്ടി രജിസ്ട്രാർമാരെ ഏല്പിച്ചിട്ടുണ്ടെങ്കിൽ, ആ കോമരത്തിനെ ഇനി ബാക്കിയെന്താണു വേണ്ടതെന്നുവച്ചാൽ അതുകൂടിചെയ്തു ശാന്തമാക്കിയിട്ട് വരുന്ന എത്താനും ദിവസത്തിനുള്ളിൽത്തന്നെ പലിശയുടെ വ്യത്യാസം കൃഷിക്കാരനു ലഭിക്കാൻ തക്കവിധത്തിലുള്ള അടിയന്തിരനടപടികളും എടുക്കണം. രണ്ടാംവിളയിറക്കി കൊയ്തുകയറ്റി ആ നെല്ലിൽനിന്നു കാശടയ്ക്കാൻ സൗകര്യപ്പെടുമാറ് ആറുമാസത്തേക്കെങ്കിലും കൃഷിക്കാരന്റെ കടം താൽക്കാലികമായിട്ടു സ്റ്റേ ചെയ്തുകൊടുക്കണം. അതുപോലെ വളം കീടനാശിനി മുതലായവയുടെ മേഖലകളിൽ എന്തെങ്കിലും സഹായം ചെയ്തുകൊടുക്കാൻ കഴിയണം. അതു വളരെ പ്രധാനമാണ്. ഇന്നു നെല്ലിനോടു പ്രതിപത്തിയില്ലാത്ത ഈ കേരളത്തിൽ, മറ്റെല്ലാം കൈവിട്ടിട്ട് പഴയപോലെ, എല്ലാം നെല്ല് എന്നു പറയേണ്ട ഒരു ഘട്ടം വരും എന്ന് ഞാൻ സന്തോഷത്തോടുകൂടിയല്ല, ദുഃഖത്തോടുകൂടി—സ്മരിക്കുന്ന ഈയവസരത്തിൽ നെൽക്കൃഷിക്കാരനോടു വളരെ ദയാപൂർവ്വം പെരുമാറണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ വിലയിലുള്ള വ്യത്യാസം യാതൊരു കാരണവശാലും പൊറുപ്പിക്കുന്നതല്ല. അടിയന്തിരമായും ഏകീകൃതമായ, സമാനമായ, ഒരു വില നിശ്ചയിച്ച് പ്രഖ്യാപനം ഉടനെ ഉണ്ടാകണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു.

മന്ത്രി (ശ്രീ. എൻ. കെ. ബാലകൃഷ്ണൻ): സർ, നെല്ലിന്റെ താങ്ങുവിലയിൽ പാലക്കാടു ജില്ലയും കുട്ടനാടൻ പ്രദേശങ്ങളും തമ്മിൽ 5 രൂപയുടെ വ്യത്യാസം മാത്രമാണുള്ളത്. താരതമ്യപ്പെടുത്തിനോക്കുമ്പോൾ കുട്ടനാടൻ പ്രദേശങ്ങളിൽ ഉൽപാദനച്ചെലവ് അധികമാണെന്നു യാഥാർത്ഥ്യബോധത്തോടുകൂടി കാര്യങ്ങൾ കാണുമ്പോൾ മനസ്സിലാക്കാൻ കഴിയും. അവിടെ ഡീവാട്ടറിംഗ് നടത്തിയാണ കൂടുതൽ നെല്ലുല്പാദിപ്പിക്കേണ്ടത്. വളരെയധികം ചെലവ് അവിടെയുള്ള നെല്ലുല്പാദകർക്കു വേണ്ടിവരുന്നു. പാലക്കാടു ജില്ല ഇറിഗേഷൻസൗകര്യങ്ങളുള്ള ജില്ലയാണ്. അതുകൊണ്ട് താരതമ്യേന ആലപ്പുഴ ജില്ലയിൽ ചെലവ് കുടുതലാണ്. അതുകൊണ്ടാണ് ഈ വ്യത്യാസം വരുത്തിയിട്ടുള്ളത്.

മറ്റൊരു കാര്യമുണ്ട്. ഇതിനുമുമ്പും താങ്ങുവില നല്കിയിരുന്നു. താങ്ങുവില നല്കുമ്പോൾ ശ്രീ. ഇ. പി. ഗോപാലൻ ഈ ഭാഗത്തിരുന്ന സമയത്ത് ഈ വ്യത്യാസം ഉണ്ടായിരുന്നില്ലേ ?

ശ്രീ. ഇ. പി. ഗോപാലൻ: ഇല്ല.

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: ആ നിലയിൽ ഈ ഉൽപ്പാദനച്ചെലവിന്റെ വർദ്ധന പരിഗണിച്ചു മാത്രമാണ് കുട്ടനാടൻ പ്രദേശവും പാലക്കാടും തമ്മിൽ ചെറിയ വിലവ്യത്യാസം ഗവൺമെന്റ് വരുത്തിയത്.

മറ്റൊന്ന് വായ്പാസൗകര്യങ്ങളുടെ കാര്യവും കൃഷിക്കാർക്ക് പലിശ നിരക്ക് സഹകരണമേഖലയിൽ ചുരുക്കുന്ന കാര്യവുമാണ്. ഈ കാര്യം ഗവൺമെന്റ് ബഡ്ജറ്റു പ്രസംഗത്തിൽത്തന്നെ പ്രഖ്യാപിച്ചിട്ടുള്ള

LIBRARY ARCHIVES Kerala Legislative Assembly

ഒന്നാണ്. അതിനുള്ള നടപടികളും ആരംഭിച്ചിട്ടുമുണ്ട്. ബഡ്ജറ്റു പാസായി കുറെനാളായിട്ടും അതു നടപ്പിലാക്കിയില്ലെന്നുള്ള കാര്യം സംബന്ധിച്ച്. ഇപ്പോഴും അൽപ്പദിവസങ്ങൾക്കുമുൻപുമാത്രം അധികാരമേറ്റ ഈ മന്ത്രിസഭയെ കുറ്റപ്പെടുത്തുന്നതു വാസ്തവത്തിൽ ഖേദകരമാണ്. മുൻപുള്ളവർക്ക് അതു വേഗത്തിൽ ചെയ്യാൻ സാധിക്കേണ്ടതായിരുന്നു. പക്ഷെ തീർച്ചയായും ഗവൺമെൻറ് സഹകരണവിഭാഗത്തിൽ കൃഷിക്കാർക്ക് ഇൻറെറസ്റ്റ് സബ്സിഡി നൽകാൻ അടിയന്തിരമായി നടപടി സ്വീകരിക്കുന്നതായിരിക്കും എന്ന് ഈ സഭയ്ക്ക് ഞാൻ ഉറപ്പു നൽകുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിൻെറ അടിസ്ഥാനത്തിലും സഭാനടപടികളും നിർത്തിവച്ച് ചർച്ചചെയ്യണമെന്നു ബഹുമാനപ്പെട്ട മെമ്പർ ആവശ്യപ്പെടാത്തതിൻെറ അടിസ്ഥാനത്തിലും അടിയന്തിരപ്രമേയത്തിന് അനുമതി നിഷേധിക്കുന്നു.

III. ശ്രദ്ധക്ഷണികൽ

കൊച്ചിവിമാനത്താവളത്തിൻെറ വികസനം

ശ്രീ. ടി. എം. ജേക്കബ്: സർ, ''അറബിക്കടലിലെ റാണി'' എന്നാണ് കൊച്ചി തുറമുഖത്തേയും കൊച്ചിപട്ടണത്തേയും അറിയപ്പെടുന്നത്. ആ റാണിയുടെ നെറ്റിയിൽ ചാർത്തിയിരുന്ന ഒരു തിലകക്കുറിയാണ് കൊച്ചി വിമാനത്താവളം. അത് ഇന്ന് നമ്മുടെ സിവിൽ-ഏവിയേഷൻ ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥൻമാരും ഇൻഡ്യൻ എയർലൈൻസിലെ സാങ്കേതിക വിദഗ്ധൻമാരും കൂടി വികൃതമാക്കിയിരിക്കുന്ന ദയനീയമായ കാഴ്ച കണ്ടതുകൊണ്ടാണ് വളരെ പ്രാധാന്യമർഹിക്കുന്ന ഈ പ്രശ്നം അങ്ങയുടെയും ഈ സഭയുടെയും ശ്രദ്ധയിൽ കൊണ്ടുവന്നത്. കൊച്ചിയിൽ സൂപ്പർ ടാങ്കർബർത്ത് വരുമെന്നുള്ള പ്രതീക്ഷകളുണ്ടായിരുന്നു. അത് ഒരു ദിവസം അസ്ഥാനത്തായിരിക്കുകയാണ്. കേന്ദ്രഗവൺമെൻറ് കേരളത്തോട് എല്ലാകാര്യങ്ങളിലും പുലർത്തിപ്പോരുന്ന അവഗണനാമനോഭാവം ഇന്ന് ഈ വിമാനത്താവളത്തിൻെറ വികസനകാര്യത്തിലും കാണിച്ചിരിക്കുകയാണ്, കോഴിക്കോട്ട് ഒരു വിമാനത്താവളം വേണമെന്നാവശ്യപ്പെട്ടു. കൊച്ചിവിമാനത്താവളം വികസിപ്പിക്കണമെന്നാവശ്യപ്പെട്ടു. നമ്മുടെ ഈ ആവശ്യങ്ങളെല്ലാം വനരോദനങ്ങളായി മാറുന്ന ദയനീയമായ കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. കൊച്ചിവിമാനത്താവളത്തിൻെറ വികസനം ഇന്ന് പൂർത്തിയാകും, നാളെ പൂർത്തിയാകും എന്ന് പറയാൻ തുടങ്ങിയിട്ട് വർഷങ്ങളും പലതായി. ഇതിലേക്കുവേണ്ടി റൺവേ വികസിപ്പിക്കുവാൻ ഒന്നരക്കോടി രൂപയോളം ചെലവാക്കി. ഒന്നരക്കോടി രൂപ ചെലവാക്കി പരിശോധന പൂർത്തിയാക്കി ഒക്ടോബർമാസം 22-ാം തീയതി ഇതിൻെറ പരീക്ഷണപ്പറക്കൽ നടക്കുമെന്നും കേരളപ്പിറവിദിനമായ നവംബർ 1-ാം തീയതി കേരളത്തിന് പുത്തൻസമ്മാനമായി കൊച്ചി–ബോംബെ വിമാന സർവ്വീസ് ആരംഭിക്കുമെന്നും പറഞ്ഞു. എന്നാൽ ഇന്ന് നമ്മുടെ ഉന്നതൻമാരായ ഉദ്യോഗസ്ഥൻമാർ പറഞ്ഞിരിക്കുന്ന കാരണം എന്താണെന്ന് ചോദിച്ചാൽ കൊച്ചിൻഷിപ്പ്യാർഡിൽ ഉയർന്നിരിക്കുന്ന കൂറ്റൻ ക്രെയിൻ കാരണം അവിടെ വിമാനം ഇറക്കുവാൻ സാധിക്കുകയില്ലായെന്നാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളേയും ഇപ്രകാരം പറഞ്ഞു വിഡ്ഢികളാക്കുവാൻ ശ്രമിക്കുമ്പോൾ അതിനെതിരായി നമ്മൾ പ്രതിഷേധസ്വരം ഉയർത്തിയില്ലെങ്കിൽ നമുക്കൊരിക്കലും നീതി ലഭിക്കുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly